പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4566 | 21.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **മിനി അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) മിനി അംഗൻവാടികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അംഗൻവാടികളിലേക്ക് സ്ഥലം മാറ്റം നൽകുമോ എന്ന കാര്യം വ്യക്തമാക്കുമോ; | (എ) മിനി അങ്കണവാടികളിൽ വർക്കറായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് പൊതു അങ്കണവാടിയിൽ ഒഴിവു വരുന്ന മുറയ്ക്ക് യോഗ്യതയുള്ള പക്ഷം അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റി നിയമിക്കാറുന്നതാണ്. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 10.02.2011 ലെ സ.ഉ(എം.എസ്) 12/11/സാനീവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മോഡേൺ അംഗൻവാടി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; | (ബി) മോഡൽ അംഗൻവാടി പദ്ധതി ഇപ്പോൾ നിലവിലുണ്ട്. |
| (സി) അംഗൻവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ? | (സി) നിലവിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. എല്ലാ അങ്കണവാടികളിലും കൗമാരക്കാരായ പെൺകുട്ടികൾക്കായി അഡോളസെന്റ് ഗേൾസ് ക്ലബ്ബ് (A.G Club) നിലവിലുണ്ട്. ഈ ക്ലബ്ബുകൾ വഴി വിവിധതരം ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ